ചുമതലയിൽ ആക്കിയിട്ടുള്ളതിലെ കടുത്തുകാക്കു്, റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും കൊടുക്കേണ്ട ശമ്പളബാക്കി ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു ഉടനെ കൊടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ശമ്പളം കൊടുക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്

ലിഫ്റ്റ് ഇറിഗേഷൻ.

൪൭൭. [൨] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കൻ പറവൂർ താലൂക്കിൽ എത്ര ഏക്കർ സ്ഥലത്തു് ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തിയിട്ടുണ്ടു്; ഏതൊക്കെയാണു് ഏർപ്പെടുത്തിയതു്;

(ബി) ഇതിനു് എത്ര മൂലധനം മുടക്കിയിട്ടുണ്ടു്;

(സി) തിന്റെ മെയിൻറനൻസിനും, ശമ്പളത്തിനുംവേണ്ടി വർഷംപ്രതി എത്ര ചെലവാകുന്നു;

(ഡി) ഇറിഗേഷൻ ഏർപ്പെടുത്തിയപ്പോൾ ഒരേക്കറിനു് എത്ര വാട്ടർ സെസ്സു പിരിച്ചു;

(ഇ) ആ റേറു് ഭേദപ്പെടുത്തിയോ; എപ്പോഴെല്ലാം എത്ര ഭേദഗതികൾ വരുത്തി; ഇപ്പോൾ നിലവിലിരിക്കുന്ന റേറു് എന്താണു്;

(എഫ്) ഇറിഗേഷൻ ഏർപ്പെടുത്തിയതിനുശേഷം ഇന്നേവരെ മൊത്തം പിരിച്ചെടുത്തിട്ടുള്ള വാട്ടർ സെസ്സിന്റെ തുകയെത്ര?

ഉത്തരം.

(എ) ൫൯൦൦ ഏക്കർ. ഫർവ്വൽ.

(ബി) രൂപ ൯൩,൦൩,൭൫൩–ഫ൯–൯.

(സി) രൂപ ൯,൦൦,൦൦൦.

(ഡി) കൊല്ലത്തിൽ ൯൫ ക.

(ഇ) ഭേദപ്പെടുത്തി. ൯൯൫-ാമാണ്ടു് ഈ റേറു് ൫൫ ക. യായി വർദ്ധിപ്പിച്ചു. ആ റേറുതന്നെയാണു് ഇപ്പോൾ നിലവിലിരിക്കുന്നതു്.

(എഫ്) രൂപ ൯,൫൫,൭൭൫–ൻ–൭.

LIBRARY ARCHIVES Kerala Legislative Assembly